# Mathrubhumi

## 22 August 2018

## Thiruvananthapuram, After Flood, Ration



# റേഷൻകാർഡില്ലെങ്കിലും ഭക്ഷ്യധാന്യങ്ങൾ നൽകും

മുങ്ങിയത് 821 റേഷൻ കടകൾ

**തിരുവനന്തപുരം►** പ്രളയത്തിൽ മുങ്ങിയത് 821 റേഷൻ കടകൾ. ഇതിൽ 314 എണ്ണം മാറ്റിസ്ഥാപിച്ചു. വെള്ളം കയറിയ കടകളിലെ ധാന്യങ്ങൾ മാറ്റുന്നതിനുള്ള നടപടി തുടങ്ങി.

കാർഡില്ലെങ്കിലും കാർഡുടമകൾക്കെല്ലാം റേഷൻ നൽകാൻ സിവിൽ സപ്ലൈസ് ഡയറക്ടർ നിർദേശം നൽകി. കാർഡ് നമ്പറോ കടയുടെ നമ്പറോ നൽകിയാലും റേഷൻ വാങ്ങാം. കാർഡില്ലാത്തവർക്ക് പേരും മേൽവിലാസം പറഞ്ഞാലും ഇത് കണ്ടുപിടിച്ച് റേഷൻ നൽകും.

കാർഡ് നഷ്ടപ്പെട്ടവർക്ക് അടിയന്തരമായി പുതിയ കാർഡ് നൽകും. ഓണം കഴിഞ്ഞാലുടൻ പുതിയ കാർഡ് നൽകിത്തുടങ്ങും. ഇതിന് പ്രത്യേകം ക്യാമ്പ് സംഘടിപ്പിക്കും. കാർഡിൽ പേരുള്ളവർ മേൽവിലാസംമാത്രം നൽകിയാൽ പഴയ കാർഡിലെ വിവരങ്ങൾ കണ്ടുപിടിച്ച് പുതിയവ നൽകും. ഇതിന് പണം ഈടാക്കില്ല. ദുരന്തബാധിത പ്രദേശങ്ങളിലെ ക്യാമ്പുകളിൽ വില്ലേജിൽനിന്ന് രേഖകൾ നഷ്ടപ്പെട്ടെന്ന സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതിയാകും.

**ഇ-പോസ് ഇല്ലെങ്കിലും റേഷൻ നൽകും**

റേഷൻ വിതരണംചെയ്യുന്നതിനുള്ള ഇലക്ട്രോണിക് സംവിധാനം തകർന്ന നിലയിലാണ്. ഇ-പോസ് സംവിധാനം പ്രവർത്തിച്ചില്ലെങ്കിലും റേഷൻ നൽകാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. യന്ത്രം പണിമുടക്കിയാലോ കണക്ടിവിറ്റി നഷ്ടപ്പെട്ടാലോ ഇത്തരത്തിൽ റേഷൻ ധാന്യം സംസ്ഥാനത്ത് ഏതുകടയിൽ നിന്നും വാങ്ങാം. ഇവർ രജിസ്റ്ററിൽ ഒപ്പിട്ടുനൽകണം. റേഷൻ വിതരണത്തിൽ ക്രമക്കേടുണ്ടെങ്കിൽ പിന്നീട് കണ്ടുപിടിക്കുന്നതിനാണിത്. ഇ-പോസ് യന്ത്രംവഴി നേരിട്ട് വാങ്ങുന്നവരുടെ കണക്ക് കടയുടമ താലൂക്ക് ഓഫീസിൽ ഹാജരാക്കണം.